പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1054 01/07/2015 - ൽ മറുപടിയ്ക്ക്

**എസ്.എസ്.എൽ.സി പരീക്ഷാഫലത്തിലെ പോരായ്മകൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എം.ചന്ദ്രൻ | | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) ഇക്കൊല്ലത്തെ എസ്.എസ്.എൽ.സി. പരീക്ഷാഫലം വന്നപ്പോൾ പരീക്ഷ എഴുതാത്ത കുട്ടികൾ പാസ്സായി എന്ന വാർത്ത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ചില മൂല്യനിർണ്ണയ ക്യാമ്പുകളിൽ ആബ്സെന്റായ കുട്ടികൾക്ക് തെറ്റായി മാർക്ക് എൻട്രി നടത്തിയതുമൂലമാണ് ഇത്തരം പിഴവ് സംഭവിച്ചത്. ആയത് ഉടൻ തന്നെ പരിഹരിക്കപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ അതിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ ; | (ബി) | കേരളത്തിലെ 54 ക്യാമ്പുകളിലായിട്ടാണ് മൂല്യ നിർണ്ണയം നടന്നത്. പ്രസ്തുത ക്യാമ്പുകളിൽ നിന്നും ഡബിൾ എൻട്രി നടത്തിയതിനു ശേഷം സ്കോർ സൂപ്പർവൈസർമാർ വിശദമായ പരിശോധന നടത്തിയ മാർക്ക് അപ്‌ലോഡ് ചെയ്യണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ചില ക്യാമ്പുകളിൽ ഇതിൽ വീഴ്ച സംഭവിച്ചതായി കരുതുന്നു. |
| (സി) എത്ര കുട്ടികളുടെ പരീക്ഷാഫലത്തിലാണ് തിരുത്തൽ വേണ്ടി വന്നിട്ടുള്ളത് ; | (സി) | പരീക്ഷയിൽ ആബ്സന്റായിരുന്ന പത്ത് കുട്ടികൾക്ക് ഇപ്രകാരം തെറ്റായി മാർക്ക് രേഖപ്പെടുത്തിയതായി ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് ആയത് അടിയന്തിരമായി പരിഹരിച്ചിട്ടുണ്ട്. |
| (ഡി) ഇത്തരത്തിലുള്ള ക്രമക്കേടുകൾക്ക് ഉത്തരവാദികളായവരെ കണ്ടെത്തിയിട്ടുണ്ടോ ;<br>(ഇ) എങ്കിൽ അവർക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ? | (ഡി) യും (ഇ) യും | പരീക്ഷാഫല പ്രഖ്യാപനത്തിൽ ഉണ്ടായിട്ടുള്ള വീഴ്ചകളെക്കുറിച്ച് പഠിക്കാൻ സർക്കാർ തലത്തിൽ രൂപീകരിച്ച സമിതി ഇതേക്കുറിച്ച് സമഗ്രമായി പഠിച്ചു വരികയാണ് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വേണ്ട നട പടികൾ സ്വീകരിക്കുന്നതാണ്. |

Sreedevi

സെക്ഷൻ ഓഫീസർ